# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 74 — 06.01.2014-ൽ മറുപടിക്ക്

## സിവിൽ സർവീസിന്റെമേലുള്ള നിയന്ത്രണം സംബന്ധിച്ച് സുപ്രീം കോടതി വിധി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സിവിൽ സർവ്വീസിന്റെമേലുള്ള നിയന്ത്രണം സംബന്ധിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിൽ പ്രധാനമായുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (എ) ശ്രീ.റ്റി.എസ്.ആർ.സുബ്രഹ്മണ്യനും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 82/2011, WP(C)No.234/2011 എന്നീ റിട്ട്പെറ്റീഷനുകളിൽ ബഹു. സുപ്രീംകോടതി 31.10.2013-ൽ പുറപ്പെടുവിച്ച പൊതുവിധിന്യായത്തിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>(i) സിവിൽ സെർവന്റിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും കേന്ദ്ര ഭരണ പ്രദേശങ്ങളും മൂന്നുമാസത്തിനുള്ളിൽ രൂപീകരിക്കണം.<br><br>(ii) പൊതുജന താൽപ്പര്യപരമല്ലാത്ത തുടർച്ചയായുള്ള ട്രാൻസ്ഫറുകളും പോസ്റ്റിംഗുകളും ഒഴിവാക്കാനായി സിവിൽ സർവന്റിന് ഒരു 'മിനിമം ടെന്യൂവർ പോളിസി' കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും കേന്ദ്ര ഭരണ പ്രദേശങ്ങളും മൂന്നുമാസത്തിനുള്ളിൽ നടപ്പിലാക്കണം. |

| | |
|---|---|
| | (iii) എക്സിക്യൂട്ടീവിന്റെ വാക്കാലുള്ള നിർദ്ദേശങ്ങൾ ഒഴിവാക്കുന്നതിനായി ആൾ ഇൻഡ്യാ സർവ്വീസ് (കോൺടക്റ്റ്) റൂൾസ് 1968-ലെ ചട്ടം 3(3) നു തുല്യമായ നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രഭരണ പ്രദേശങ്ങളും മൂന്നുമാസത്തിനുള്ളിൽ പുറപ്പെടുവിക്കണം. |
| (ബി) സർക്കാർ തീരുമാനം എടുക്കേണ്ടതായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിൽ നടപടി ആയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) അഖിലേന്ത്യാ സർവ്വീസ് കേഡർ നിയമത്തിൽ സുപ്രീംകോടതി വിധിയിലെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര പേഴ്സണൽ മന്ത്രാലയം സമർപ്പിച്ച ഭേദഗതിയോട് യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. നിയമഭേദഗതി വരുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന സർവ്വീസിലെ നിയമനങ്ങളെ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) സംസ്ഥാനത്ത് സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ബോർഡിന്റെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (സി) ഇല്ല. |
| (ഡി) സുപ്രീം കോടതി നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള സ്ഥിതിയിൽ എന്തെല്ലാം മാറ്റങ്ങളാണ് ആവശ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ